**<u>15 -ാം കേരള നിയമസഭ</u>**

**<u>6 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 859</u>** **<u>29-08-2022 - ൽ മറുപടിയ്ക്ക്</u>**

**<u>എം.ആർ.എസ്സുകളും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എച്ച്. സലാം** | **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്., പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്സുകൾ, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധമായി** ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്, പ്രീമെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | എം.ആർ. എസ് | പ്രീമെട്രിക് ഹോസ്റ്റലുകളുടെ എണ്ണം | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 | 2 | 2 |
| 2 | കൊല്ലം | 1 | 4 | - |
| 3 | പത്തനംതിട്ട | 1 | 2 | - |
| 4 | ആലപ്പുഴ | - | 1 | - |
| 5 | കോട്ടയം | 1 | 2 | - |
| 6 | ഇടുക്കി | 2 | 15 | - |
| 7 | എറണാകുളം | - | 4 | 2 |
| 8 | തൃശ്ശൂർ | 1 | 5 | - |
| 9 | പാലക്കാട് | 3 | 23 | 3 |
| 10 | മലപ്പുറം | 1 | 8 | - |
| 11 | കോഴിക്കോട് | - | 4 | 1 |
| 12 | വയനാട് | 5 | 26 | 1 |
| 13 | കണ്ണൂർ | 1 | 7 | - |
| 14 | കാസർഗോഡ് | 3 | 3 | 1 |
|  | ആകെ | 22 | 106 | 10 |

(ബി) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി താമസിച്ച് പഠിക്കേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് മറ്റ് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് എന്തെങ്കിലും

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി താമസിച്ച് പഠിക്കേണ്ടി വരുന്നതും വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യത്തിനു അർഹതയുള്ളതുമായ വിദ്യാർത്ഥികൾക്ക് മറ്റ് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് പ്രൈവറ്റ് അക്കോമഡേഷൻ എന്ന നിലയിൽ നിബന്ധനകൾക്ക് വിധേയമായി 1500/- രൂപ അനുവദിച്ച് വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ 10% പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകി വരുന്നുണ്ട്. ഇതുകൂടാതെ സ്ഥാപനം വക

| | | | |
|---|---|---|---|
| | സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | ഹോസ്റ്റലുകളിലുള്ള കുട്ടികൾക്ക് ഹോസ്റ്റൽ ഫീസും സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 3500/- രൂപ വരെയും ആനുകൂല്യം നൽകി വരുന്നുണ്ട്. |
| (സി) | നിലവിലുള്ള എം.ആർ.എസ്സുകളുടെയും, ഹോസ്റ്റലുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? ? | (സി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്സുകളുടേയും പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേയ്ക്കായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ ആവശ്യമായ കെട്ടിടങ്ങൾക്ക് ആയവ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി വരുന്നുണ്ട്. ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് പാർട്ട് ടൈം സ്വീപ്പർമാരുടെ സേവനം എല്ലാ ഹോസ്റ്റലുകളിലും ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർപ്യൂരിഫയർ ഹോസ്റ്റലുകളിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ് കവർ, ബെഡ് ഷീറ്റ് തുടങ്ങിയവ ആവശ്യപ്പെടുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ അനുവദിച്ചു നൽകുന്നുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വൃത്തിഹീനമായ അന്തരീക്ഷം ഒഴിവാക്കുന്നതിനും ഹോസ്റ്റലിലുണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതോടൊപ്പം ഹോസ്റ്റൽ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ആവശ്യത്തിന് ടോയലെറ്റ്, സാനിറ്ററി സൗകര്യങ്ങൾ, വസ്തുക്കൾ സൂക്ഷിക്കുന്നതിന് അലമാരകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സി.സി.റ്റി.വി., മിനിമാസ് ലൈറ്റ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി അഗ്നി പ്രതിരോധ സംവിധാനം സ്ഥാപിക്കുകയും ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാകം ചെയ്യുന്നതിന് സ്റ്റീം ബേയ്സ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ ടോയലെറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, അഗ്നിപ്രതിരോധ സംവിധാനം, ഔട്ട്ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, ജലശുദ്ധീകരണ പദ്ധതി, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാചാലകം, മിനിമാസ് ലൈറ്റ്, സോളാർ പവ്വർ പ്ലാന്റ്, സി.സി.റ്റി.വി., സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ ബയോഹസാർഡ്, സ്പിൽ കിറ്റ്, എന്നിവ ലഭ്യമാക്കുന്നുണ്ട്. എം.ആർ.എസ് കളിലെ പഠനാന്തരീക്ഷവും അദ്ധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബ്, ഇ-ബുക്ക് ലൈബ്രറി എന്നീ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ജില്ല | പ്രീമെട്രിക് ഹോസ്റ്റൽ | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ | എം.ആർ.എസ്സ് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 6 | 4 | 1 |
| 2 | കൊല്ലം | 8 | 2 | - |
| 3 | പത്തനംതിട്ട | 6 | - | - |
| 4 | ആലപ്പുഴ | 4 | - | 1 |
| 5 | കോട്ടയം | 3 | 2 | - |
| 6 | ഇടുക്കി | 6 | - | 1 |
| 7 | എറണാകുളം | 5 | 3 | 1 |
| 8 | തൃശ്ശൂർ | 5 | - | 2 |
| 9 | പാലക്കാട് | 15 | 2 | 2 |
| 10 | മലപ്പുറം | 5 | - | - |
| 11 | കോഴിക്കോട് | 6 | 2 | 1 |
| 12 | വയനാട് | 1 | - | - |
| 13 | കണ്ണൂർ | 7 | 1 | - |
| 14 | കാസർഗോഡ് | 8 | 3 | 1 |

Omelelchaly
സെക്ഷൻ ഓഫീസർ